# ദുഃഖവെള്ളി : സനേഹിക്കുന്ന ദൈവത്തിന്റെ മുഖം

മാനവ ചരിത്രത്തിന്റെ ഏടുകളിൽ കരിനിഴൽ വീഴ്ത്തികൊണ്ട് കറുത്ത മുദ്രണത്തിൽ കോറിയിട്ട ഒരു ദിനമാണ് ദുഃഖവെള്ളി. എന്നാൽ ഉദാത്ത സ്നേഹത്തിന്റെ സർവ്വ മാനങ്ങളും മനുഷ്യകുലത്തിന് അനുഭവവേദ്യമാക്കിയ ഒരു മഹാത്യാഗത്തിന്റെ കഥയും ഈ ദുഃഖവെള്ളിക്കുണ്ട്. ദൈവത്തിന്റെ നിരുപാധികവും, നിസ്വാർത്ഥവും, ക്ഷമിക്കുന്നതുമായ സ്നേഹം ചുരുൾ നിവർത്തിയ ത്യാഗപൂർണ്ണമായ കഥ.

വിണ്ണിന്റെ മഹത്വം വെടിഞ്ഞ് മണ്ണിലിറങ്ങിയ ദൈവപുത്രന് മാനവൻ മരക്കുരിശ് മെനഞ്ഞ വേദനാജനകമായ സംഭവം നാം ഇന്ന് അനുസ്മരിക്കുകയാണ്. പ്രപഞ്ചവും പ്രപഞ്ച ജീവജാലങ്ങളും പ്രപഞ്ചനാഥന് മനുഷ്യൻ നല്കിയ വിധിയുടെ മുമ്പിൽ നിർന്നിമേഷരും നിശ്ചഞ്ചലരുമായി പകച്ച് നിന്നു പോയി. എന്നാൽ അവനാകട്ടെ, തന്റെ കുരിശു മരണത്തിലൂടെ പരാജയപ്പെടുന്നവർക്കും, പീഢിതർക്കും, ബലമില്ലാത്തവർക്കുംവേണ്ടി പുതിയൊരു സദ്‌വാർത്തയുമായി കടന്നുവന്നു. കുരിശിനോട് ചേർത്തുകെട്ടപ്പെട്ട അവന്റെ ജീവിതം, മാനവന്റെ മാനുഷിക ചിന്തകൾക്കും മാമൂലുകൾക്കും പുതിയ ഒരു മാനം നൽകി.

സ്നേഹിതനുവേണ്ടി സ്വജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്നു പറഞ്ഞ ഈശോ കുരിശിൽ സ്വജീവൻ ബലി നല്കിക്കൊണ്ട് സകലമനുഷ്യരും തന്റെ സ്നേഹിതരാണെന്ന് പ്രഖ്യാപിച്ചു. മരക്കുരിശ് തോളിലേറ്റിയപ്പോഴും, ഇടറിനീങ്ങിയ കാൽവരി വഴികളിൽ വച്ച് കഠിന മർദ്ദനമേറ്റപ്പോഴും, തൃപ്പാദങ്ങളിൽ ആണികൾ ആഴ്ന്നിറങ്ങിയപ്പോഴും അവൻ രോമം കത്രിക്കുന്നവരുടെ മുമ്പിൽ നിൽക്കുന്ന കുഞ്ഞാടിനെപ്പോലെ സൗമ്യനും നിശബ്ദനുമായിരുന്നു. കുരിശിലെ വേദനയുടെ പാരമ്യത്തിൽ അവന്റെ അവസാന മൊഴികളും ഉതിർന്നു വീണു. ‘‘എല്ലാം പൂർത്തിയായിരിക്കുന്നു’’.

ഇത്രമേൽ ചിതറിക്കപ്പെട്ടവന്റെ അന്ത്യമൊഴികൾ! ദൗത്യപൂർത്തിയുടെ സായൂജ്യ നിർവൃതിയോടെ ഈശോ വിളിച്ചു പറയുകയായിരുന്നു- ദൈവത്തിന്റെ നീതിമുഴുവൻ പൂർത്തിയായി, ദൈവത്തിന്റെ സ്നേഹം മുഴുവൻ പൂർത്തിയായി. സർവ്വോപരി ദൈവഹിതവും പൂർത്തിയായി എന്ന്. അവന്റെ അവസാന നിശ്വസനവും ദൈവസന്നിധിയിലേക്കുയർന്നപ്പോൾ ദൈവാലയത്തിന്റെ തിരശീല നെടുകെ കീറി. അതോടെ ദൈവസാന്നിദ്ധ്യത്തിന്റെ ശ്രീകോവിൽ, സാധാരണക്കാരന് പ്രവേശിക്കാനാവാത്ത പരിശുദ്ധിയുടെ പരിശുദ്ധിയായ സ്ഥലം. ലോകമെങ്ങും വ്യാപിച്ചു. ലോകം മുഴുവൻ ദൈവസാന്നിദ്ധ്യത്തിന്റെ കൂടാരമായി മാറി.

ഈശോയുടെ കുരിശുമരണത്തിലൂടെ സഹനത്തിനും ക്ഷമക്കും പുതിയ അർത്ഥതലങ്ങൾ ഉയർന്നുവന്നു. 1984 ജനുവരി 9-ലെ ടൈം വാരികയുടെ മുഖചിത്രം ജോൺ പോൾ രണ്ടാമൻ പാപ്പാ അദ്ദേഹത്തെ വെടിവച്ചു കൊല്ലാൻ ശ്രമിച്ച അലി അഗ്കക്ക് കൈകൊടുത്തു നിൽക്കുന്ന ചിത്രമായിരുന്നു. ആ ചിത്രത്തിന്റെ അടിക്കുറിപ്പ് ശ്രദ്ധേയമാണ്. ‘‘എന്തിന് അനുരഞ്ജനപ്പെടണം? എന്തിന് ക്ഷമിക്കണം?’’.

ഇന്ന് പലരും ആവർത്തിക്കുന്ന ഒരു ചോദ്യമാണിത്. ദൈവകാരുണ്യം കൈനീട്ടി വാങ്ങുന്നവൻ സഹോദരനോടുള്ള കാരുണ്യം നിഷേധിക്കരുതെന്ന് കുരിശ് പഠിപ്പിക്കുന്നു. മുന്നുവട്ടം തന്നെ തള്ളിപ്പറഞ്ഞ പത്രോസിനേയും തന്റെ മുമ്പിൽ കൊണ്ടുവരപ്പെട്ട പാപികളെയും വീണ്ടെടുക്കാൻ ഈശോയ്ക്ക് ക്ഷമ വേണമായിരുന്നു. സർവ്വോപരി എല്ലാവരെയും വീണ്ടെടുക്കുന്ന ക്ഷമയുടെ തീർത്ഥം വാരിവിളമ്പിക്കൊണ്ട് ദൈവസ്വഭാവം ഈശോ കുരിശിലൂടെ പ്രകടമാക്കി. ക്ഷമിക്കുന്നവന്റെ മുഖം ദൈവത്തിന്റെ മുഖമാണ്. ക്ഷമിക്കുന്നവന്റെ സ്വഭാവം ദൈവസ്വഭാവവും.

ഇടനെഞ്ചിൽ കുന്തമുനയിറങ്ങിയപ്പോൾ അവൻ മൃതനായി കഴിഞ്ഞിരുന്നു. എന്നിട്ടും അവിടെനിന്ന് രക്തവും ജലവും ഒഴുകി. മരണത്തിലും വറ്റാത്ത സ്നേഹപ്രവാഹംപോലെ: വിധവയായ ഒരമ്മയുടെ കഥയോർക്കുന്നു. അവളുടെ ഏകമകൻ, ആറ്റുനോറ്റ് അവനെ വളർത്തി. അവന്റെ കോളേജു പഠനകാലത്ത് അവന്റെ ഹൃദയം സുന്ദരിയായ ഒരു പെൺകുട്ടി കീഴടക്കി. അവൾക്കും അവനെ ഇഷ്ടമായി. എന്നാൽ അവൾക്കൊരു സംശയം. അവളെക്കാൾകൂടുതൽ അവൻ അവന്റെ അമ്മയെ സ്നേഹിക്കുന്നു. ഒരിക്കൽ അവളത് അവനോടു തുറന്നുപറഞ്ഞു. അങ്ങനെയല്ലെന്ന് സ്ഥാപിക്കാനവൻ ആവുന്നത്ര ശ്രമിച്ചു. എന്നാൽ അവൾക്കതിന് തെളിവ് വേണമായിരുന്നു. അവൾ പറഞ്ഞു, ''നിങ്ങൾ എന്നെയാണ് കൂടുതൽ ഇഷ്ടപ്പെടുന്നതെങ്കിൽ ഇന്ന് രാത്രി 12 മണിക്കുമുമ്പ് ഈ ആലിൽ ചുവട്ടിൽ എനിക്കൊരു സമ്മാനവുമായി വരണം. നിങ്ങളുടെ അമ്മയുടെ ഹൃദയം''. അവൻ മനസില്ലാമനസോടെ സമ്മതിച്ചു. പതിവിലേറെ കഴിഞ്ഞിട്ടും വരാത്ത മകനെയും കാത്ത് വിളക്കും തെളിയിച്ച് അമ്മ ഉമ്മറപ്പടിയിൽത്തന്നെ ഉണ്ടായിരുന്നു. നേരം പാതിരായോടടുക്കാറായപ്പോൾ അവൾ മകന്റെ നിലത്തുറയ്ക്കാത്ത കാൽപ്പെരുമാറ്റം കേട്ടു. അവനെ കൈപിടിച്ചകത്തേയ്ക്ക് കയറ്റാൻ അവൾ എഴുന്നേറ്റു ചെന്നു. എന്നാലവൻ അവന്റെ കൈയ്യിൽ മറച്ചുപിടിച്ചിരുന്ന കത്തി അമ്മയുടെ നെഞ്ചിലേക്ക് കുത്തി കയറ്റി. അവളുടെ പിടക്കുന്ന ഹൃദയവും പറിച്ചെടുത്തുകൊണ്ടവൻ ആലിൻ ചുവട്ടിലേക്കോടി. 12 മണിയാവാൻ ഏതാനും നിമിഷങ്ങൾക്കൂടിമാത്രം ബാക്കി. കുറുക്കുവഴിയിലൂടെ ഓടിയ അവന്റെ കാലുകൾ മരക്കുറ്റിയിൽതട്ടി അവൻ നിലത്തു വീണു. കൈകളിലൊതുക്കിപിടിച്ച ആ ഹൃദയം എവിടെയോ തെറിച്ചുപോയിരുന്നു. അവനതു തപ്പിനടന്നു. അരണ്ട നിലാവെളിച്ചത്തിൽ അവൻ കണ്ടു ''സ്പന്ദനം'' നിലക്കാത്ത ആ ഹൃദയം. അതെടുക്കാൻ ആർത്തിയോടെ ഓടിച്ചെന്ന അവൻ അതിൽനിന്നും കേട്ട സ്വരം കേട്ട് ഞെട്ടിത്തെറിച്ചു. ''മോനെ.. നിന്റെ കാലുകൾക്ക് എന്തെങ്കിലും പറ്റിയോ?''. പെറ്റമ്മയുടെ ഹൃദയത്തിലുണ്ടായിരുന്ന അവസാന സ്നേഹം. എന്നാൽ കുരിശിലെ ഈശോയുടെ കുത്തിപിളർക്കപ്പെട്ട ഹൃദയത്തിന്റെ വന്യമായ ചിത്രം നമ്മെ പഠിപ്പിക്കുന്നത്, ഈ പെറ്റമ്മ മറന്നാലും നമ്മെ സ്നേഹിക്കുന്ന ദൈവഹൃദയത്തുടിപ്പിന്റെ ചിത്രമാണ്. ആകാശത്തിനും ഭൂമിക്കും മധ്യേ തൂങ്ങിനില്ക്കുന്ന അവിടുത്തെ തിരുഹൃദയത്തിൽ നിന്നും ഊറിവരുന്ന രക്തം കുടിച്ച് നവജീവൻ പ്രാപിക്കുന്ന, പ്രാപിക്കേണ്ട പെലിക്കൻ പക്ഷിക്കുഞ്ഞുങ്ങളാണ് ക്രിസ്ത്യാനികളായ നാം ഓരോരുത്തരും.

ആധുനികമനുഷ്യന് ഉൾക്കൊള്ളാനാവാത്ത കാര്യങ്ങളാണ് യാതനയും, പരാജയവും,

ദാരിദ്രവും രോഗവുമെല്ലാം. എന്തിന് സഹിക്കണം? എന്തിന് പരാജയപ്പെടണം? എന്നാൽ ഈശോയുടെ ബലിയിലൂടെ നമുക്ക് കാണുവാൻ സാധിക്കുന്നത് സഹനത്തിലൂടെയും പരാജയത്തിലൂടെയും ലഭിക്കുന്ന മഹത്വത്തിന്റെ ആഴമാണ്. സഹനം മഹത്വത്തിലേക്കുള്ള പാതയാണ്. ജീവനിലേക്കുള്ള കവാടമാണ്. സന്താപം സന്തോഷത്തിന്റെ മുന്നോടിയായി കാണുന്നവന്, കഷ്ടാരിഷ്ടതകളുടെ ദുഃഖവെള്ളിക്കുശേഷം മഹത്വത്തിന്റെ ഉയിർപ്പു ഞായർ കാണുന്നവന് ഇന്ന് നല്ല വെള്ളിയാണ്: ഗുഡ് ഫ്രൈഡേ, ദുഃഖവെള്ളിയുടെ സന്ദേശം വരാനിരിക്കുന്ന പ്രതീക്ഷയാണ്.

ഒരു ദുഃഖവെള്ളികൂടി ഇന്ന് നമ്മെ കടന്നുപോകുന്നു. നാളിതുവരെ ഒട്ടേറെ ദുഃഖവെള്ളികൾ നാം പിന്നിട്ടു. അവ എന്നിൽ എന്ത് അന്തരം സൃഷ്ടിച്ചു? ഓരോ ദുഃഖവെള്ളിയും നമ്മിൽ വ്യതിയാനം വരുത്തണം. കുരിശിലെ വൈരൂപ്യത്തിൽ ഈശ്വരനെ കാണാനാവുന്നവർക്കേ ബലഹീനരുടെയും പീഡിതരുടെയും മധ്യേ ഉയിർപ്പിന്റെ സദ്‌വാർത്തയുമായി കടന്നു ചെല്ലാനാകൂ. മനുഷ്യർ മുഖംതിരിച്ചു കളയുന്നിടത്ത് ദൈവത്തിന്റെ മുഖം ഒളിഞ്ഞിരിക്കുന്നു എന്ന തിരിച്ചറിവിലേക്ക് ഈ ദുഃഖവെള്ളിയാചരണത്തിലൂടെ നാം വളരാനിടയാവണം. അപരന്റെ ദുഃഖവെള്ളിയാഴ്ചകളിലേക്ക് പുനരുത്ഥാനത്തിന്റെ പ്രതീക്ഷയുമായി നമുക്കിറങ്ങി ചെല്ലാനാകണം. എങ്കിലേ ഈ ആചരണം അർത്ഥപൂർണ്ണമാകൂ. നമുക്കും ഇന്ന് നല്ല വെള്ളിയായി അനുഭവപ്പെടുകയുള്ളു.

**സി.ജോയ്സ്** DST